LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്കു ലഭിക്കുന്ന കേന്ദ്രവിഹിതം

3 (2932) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി.ടി, അഹമ്മദ് അലി:
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 98-99 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സ്പോൺസർ ചെയ്യുന്നതും കേന്ദ്രസഹായം ലഭിക്കുന്നതുമായ പദ്ധതികൾക്കുള്ള കേന്ദ്രവിഹിതം മുഴുവനും ലഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വിഹിതം മുഴുവൻ ലഭിക്കുന്നതിനുവേണ്ടി സർക്കാർ എന്തു നടപടി സ്വീകരിച്ചു;

(സി) കേന്ദ്രവിഹിതം ലഭിച്ചതു മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഓരോന്നിനും എന്തു തുക മിച്ചം വന്നുവെന്നും എന്തു കൊണ്ട് ഇങ്ങനെ സംഭവിച്ചു എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു വരുന്നു.

വിദേശ മുതൽമുടക്ക് ആകർഷിക്കാൻ നടപടി

4 (2933) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീ. കെ.പി. വിശ്വനാഥൻ :
ഡോ. എം.എ. കുട്ടപ്പൻ :താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തേയ്ക്ക് വിദേശ മുതൽമുടക്ക് ആകർഷിക്കുന്നതിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും അതിനാവശ്യമായ ഉല്പാദനവർദ്ധനവ് കൈവരിച്ചുകൊണ്ടു ഇവിടത്തെ അഭ്യസ്തവിദ്യർക്കിടയിലുള്ള തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കുകയും ചെയ്യുക എന്നതാണ് ഈ സർക്കാരിന്റെ പ്രധാന വികസന ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ മുതൽമുടക്ക് രാജ്യത്തിനകത്തു നിന്നും വിദേശത്തു നിന്നുമുള്ള സ്വകാര്യനിക്ഷേപം ഉൾപ്പെടെയുള്ള വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വ്യാവസായികമേഖല ഉൾപ്പെടെയുള്ള രംഗങ്ങളിൽ വിദേശ മുതൽമുടക്ക് ആകർഷിക്കുന്നതിനുവേണ്ടി നിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിനു ഉദ്ദേ

ശിച്ചു കൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കി വരുന്നു. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, വ്യവസായങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഭൂമി ലഭ്യമാക്കുന്നതിനുള്ള ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. 'കിൻഫ്ര', കെ.എസ്.ഐ.ഡി.സി., 'ടെക്നോപാർക്ക്' തുടങ്ങിയ പ്രോത്സാഹന സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്കുകൾ, ടൗൺഷിപ്പുകൾ, വളർച്ചാ കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചു വരുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ആവശ്യമായ വൈദ്യുതി, റോഡുകൾ, ജലവിതരണം തുടങ്ങിയ എല്ലാവിധ അടിസ്ഥാനസൗകര്യങ്ങളും ത്വരിതഗതിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വ്യാവസായിക ആവശ്യത്തിനുള്ള വൈദ്യുതിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുവേണ്ടി പുതിയ വൈദ്യുതി ഉല്പാദന പദ്ധതികൾക്ക് രൂപം നൽകുകയും അവയുടെ പൂർത്തീകരണത്തിനും മുൻതൂക്കം നൽകി കൊണ്ടു വാർഷിക പദ്ധതികളിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. വിദേശ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി സംസ്ഥാന സർക്കാർ സംരംഭമായ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ വ്യവസായ പാർക്കുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്ത് മുതൽമുടക്കാൻ തയ്യാറായി വരുന്ന പ്രവാസി മലയാളികൾക്ക് അതിനുള്ള എല്ലാ സൗകര്യങ്ങളും അനുബന്ധസേവനങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവാസി കേരളീയ കാര്യ വകുപ്പിൽ ഒരു 'ഫോറിൻ ഇൻവെസ്റ്റ്മെന്റ് സെൽ' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെൽ പ്രവർത്തനക്ഷമമാക്കുന്നതിനായി 'നോർക്ക' പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്താൻ തല്പരരായ വിദേശ മലയാളികൾക്ക് വ്യവസായ സംരംഭങ്ങൾക്ക് വേണ്ട പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സാമ്പത്തിക സഹായം നല്കുന്നതിലേക്കു ഒരു നോൺ റസിഡന്റ് ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഫണ്ടും വിഭാവനം ചെയ്തിട്ടുണ്ട്.

കൂടാതെ, വിദേശത്തു പ്രവർത്തിക്കുന്ന കേരളീയമായ വ്യവസായ ഉടമകളുമായും സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തുകയും സംസ്ഥാനത്ത് അവരുടെ താല്പര്യത്തിനു അനുയോജ്യമായതും, വിജയസാദ്ധ്യതയുള്ളതുമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്തു വരുന്നു.

സംസ്ഥാനത്തിന്റ ആളോഹരി വരുമാനം

5 (2934)ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആളോഹരി വരുമാനം ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുമ്പോൾ എത്രയായിരുന്നു;

(ബി) ഇപ്പോൾ അതെത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly